# അടിസ്ഥാനപാഠാവലി - 10. Episode-3

## ഒപ്പമിരിക്കാം ഒന്നിച്ച് മുന്നേറാം - ക്ലാസ്സ് സംഗ്രഹം

**ക്ലാസ്സ് അവതരിപ്പിച്ചത് :** ടി.കെ.ജോഷി,ജി.എച്ച്. എസ്.എസ്.തടത്തിൽപ്പറമ്പ്

മഹാമാരിക്കലത്തെ,കേരളം നേരിട്ടതെങ്ങനെ.ഇന്ത്യക്കും ലോകത്തിനും മാതൃകയായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ നമുക്ക് കഴിഞ്ഞതെങ്ങനെ?

- നമ്മുടെ സംസ്കാരവും പാരമ്പര്യവും അതിന് സഹായിച്ചു.
- സ്നേഹം, വിശ്വാസം,സഹകരണം, പാരസ്പര്യം എന്നിവയിൽ ഊന്നിയ ജീവിതരീതി.
- **യൂണിറ്റ് - തലക്കെട്ട് ജീവിതം പടർത്തുന്ന വേരുകൾ**
- ജീവിതം വേരുകൾ പടർത്തുമോ? എങ്ങനെ?
- ഡി.വിനയചന്ദ്രൻ - വേരുകൾ- മിനിക്കഥ- മറ്റൊരു അർത്ഥതലത്തിലേക്ക് നയിക്കുന്നു.
- **കഥവായന -വിശകലനം**
- വേരുകൾ എന്തിന്?
- മണ്ണിൽ ഉറച്ചു നിൽക്കുന്നതിന്
- വെള്ളം, പോഷകങ്ങൾ, ധാതുലവണങ്ങൾ എന്നിവ സ്വീകരിക്കുന്നതിന്
- മണ്ണിനെ സംരക്ഷിക്കുന്നതിന്
- **കഥയുടെ പ്രാധാന്യം - നമ്മുടെ വേരുകളോ?**
- അമ്മയായ ഭൂമി എന്ന പ്രയോഗത്തിന്റെ ഔചിത്യം എന്ത്?
- നമ്മുടെ വേരുകളും അമ്മയായ ഭൂമിയിൽ തന്നെ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?'
- അമ്മ: കുഞ്ഞിനെ ഗർഭത്തിൽ പേറി, പ്രസവിച്ച്, വളർത്തി വലുതാക്കുന്നു.
- ഭൂമി: എല്ലാ ജീവജാലങ്ങളെയും അത്തരത്തിൽ പരിപാലിക്കുന്നു. -വായു ,വെള്ളം, ഭക്ഷണം .....
- അമ്മയും ഭൂമിയും ഒന്നു തന്നെയാണെന്നു വരുന്നു.
- അമ്മ നമ്മെ പരിപാലിക്കുന്നതു പോലെ ഭൂമിയും നമ്മെ പരിപാലിക്കുന്നു.
- ഭൂമിയിൽ ഉറച്ചു നിന്നു കൊണ്ട് തനിമയും സംസ്കാരവും കെട്ടുപോകാതെ സൂക്ഷിക്കുന്നു.
- വേരുകൾ ഉറപ്പിച്ച് അമ്മയായ ഭൂമിയിൽ തന്നെ നിലനിൽക്കുന്നു.
- നമ്മുടെ വേരുകൾ- വൃക്ഷങ്ങളുടെ വേരുകൾ പരസ്പരം കെട്ടിപിണഞ്ഞ് കിടക്കുന്നതു പോലെ മനുഷ്യരായ നമ്മളും ബന്ധങ്ങളുടെ വേരിനാൽ പരസ്പരം

കെട്ടിപ്പിണഞ്ഞു കിടക്കുന്നു.

- ➢ തലമുറയുമായുള്ള ബന്ധം
- ➢ സമൂഹവുമായുള്ള ബന്ധം - സ്നേഹത്തിലും സാഹോദര്യത്തിലും പാരസ്പര്യത്തിലും അധിഷ്ഠിതമായുള്ളത്
- ➢ നല്ല വ്യക്തിയായി ജീവിക്കാൻ കഴിയുന്നത്....
- ➢ സമൂഹത്തിന് അനുഗുണമായ വ്യക്തിയായി മാറാൻ ഈ വേരുകൾ വേണം.
- ➢ വേരുകൾ ( ബന്ധങ്ങൾ )നഷ്ടപ്പെടാതെ സൂക്ഷിക്കണം.
- ➢ ഇത്തരം ബന്ധങ്ങൾ കാത്തു സൂക്ഷിക്കാത്തവർക്ക് സമൂഹത്തിൽ സ്ഥാനമില്ല.
- ➢ ബന്ധങ്ങളുടെ ശക്തിയാണ് വേരുകൾ
- ➢ വേരുകൾ നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്നത്.

- **സ്നേഹത്തിന്റെ വേരുകൾ തകർക്കുന്ന പ്രവൃത്തികൾ [വീഡിയോ]**
- **വേരുകളെ എങ്ങനെ ശക്തിപ്പെടുത്താം [വീഡിയോ]**
- **അയൽപക്കത്തെപ്പോലും അറിയാതെ വളരുന്ന പുതു തലമുറ.**
- **മിനിക്കഥ പ്രത്യേകതകൾ**
- ◆ ചുരുങ്ങിയ വാക്കുകൾ കൊണ്ട് വലിയ ആശയങ്ങൾ അവതരിപ്പിക്കുന്നു.
- ➢ **വേരും തളിരും - മിനിക്കഥ**
- ➢ **കഥയുടെ ഖനി -മിനിക്കഥ**
- ആശയം അവതരിപ്പിച്ചു. ആശയ വലുപ്പത്തെക്കുറിച്ച് സംസാരിച്ചു.
- കടമ്മനിട്ടയുടെ കവിത ഭാഗം ഉദ്ധരിച്ചു. _ 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.....
- **പഠനപ്രവർത്തനം:**

'നമ്മുടെ വേരുകളും അമ്മയായ ഭൂമിയിൽ തന്നെ'.കവിയുടെ ഈ അഭിപ്രായം യുക്തിപൂർവം സമർത്ഥിക്കുക.?

## ● മിനിക്കഥ പതിപ്പ് നിർമാണം

**കഥയുടെ ഖനി - പി.കെ.പാറക്കടവ്**

ശ്മശാനത്തിൽ
വന്നപ്പോഴാണറിയുന്നത്
ഭൂമിക്കടിയിൽ നിന്ന്,മരിച്ചവർ
നിർത്താതെ നിർഭയരായി
കഥകൾ പറയുകയാണ്.
അവരെ ആരും കൊന്നുകളയുകയില്ലല്ലോ.

## ആദം - പി.കെ.പാറക്കടവ്

പഴയ ഏദൻതോട്ടം തന്നെ. ആദം ചിന്താമഗ്നനായിരുന്നു.

ഹവ്വ കൊഞ്ചി കുഴഞ്ഞു പറഞ്ഞു.

'ആ ആപ്പിൾ എനിക്കു വേണം.'

ആദം ഞെട്ടുന്നു.

'ഇനി വയ്യ ഈ സ്വർഗം വെടിഞ്ഞ് ഭൂമിയിലെ പങ്കപ്പാടുകൾക്കിനി വയ്യ.'

ആദം ദൃഢനിശ്ചയത്തോടെ പറയുന്നു.

'ഈ ആപ്പിൾ നമുക്ക് വേണ്ട.'

ആദമിനെതിരെ സത്രീപീഡനത്തിന് കേസ്.

## നിലവിളി-സുരേഷ് അരീക്കോട്

നിലം നികത്തി തന്നെയായിരുന്നു വീടുവെയ്പ്പ്.ഇറ്റാലിയൻ മാർബിൾ പതിച്ച അകത്തളം മനസ്സിന്റെ കണ്ണാടിയായി. മഴ തിമിർത്തു പെയ്തു.ആറും അണക്കെട്ടും നിറഞ്ഞൊഴുകി. ലോറിയിലേക്ക് കുത്തിക്കീറിയെറിഞ്ഞ ഗർഭപാത്രം തേടി പുഴ വീടുവീടാന്തരം കയറിയിറങ്ങി. ചില്ലുപാകിയ മതിൽ കെട്ടിനു മുകളിലൂടെ പരിഹാസച്ചിരിയുമായി അവൾ കണ്ണിറുക്കി.

അടഞ്ഞുകിടന്ന ഗേറ്റുകൾ കടലിന്റെ മക്കൾ തള്ളിത്തുറന്നു. 'അന്യർക്കു പ്രവേശനമില്ല' എന്നെഴുതിയ ചെറുപലക കൈവരിയിൽ പല തവണ തലതല്ലി.ബാൽക്കണിയിൽ ചാരുപടിയിൽ തൂങ്ങിപ്പിടിച്ച് അവർ ആർത്തുവിളിച്ചു....

അപ്പോൾ ഭഷണപ്പൊതിയുമായെത്തിയ ഒരു ആകാശ വാഹനം അവിടെ വട്ടമിട്ടു പറക്കുന്നുണ്ടായിരുന്നു.

## ഹൈക്കു കഥകൾ

- **വിശപ്പ്**

നക്ഷത്രഹോട്ടലിൽ നിന്നു ഭക്ഷണം കഴിച്ചിറങ്ങിയ ആൾ നിലത്തെറിഞ്ഞിട്ട് പോയ പല്ലുകുത്തിയെ നോക്കി നിന്ന യാചകന്റെ എച്ചിൽപ്പൊതി തെരുവുനായ നക്കിത്തീർത്തു.

- **ബുക്കുകൾ**

ഫേസ് ബുക്കും പാസ് ബുക്കും മാത്രമല്ല ജീവിതം എന്ന് മനസ്സിലാക്കിയപ്പോഴേക്കും സർവീസ് ബുക്കും തീർന്നു കഴിഞ്ഞു.

prepared by:
**SURESH AREEKODE,HST(Malayalam),GHSS.Areekode,PH:9562521509.**
**Visit my youtube**:***mukulam malayalam*** for **Video lessons,PDF Notes,Question paper discussions,Model questions paper with answer keys, one score two score questions and answers.Email:sbtckr@gmail.com**